**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5292** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന, കേരള സർക്കാരിന്റെ ഏറ്റവും പ്രമുഖമായ പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.). ഒരു സംരംഭത്തിന്റെ വിജയത്തിന് അത്യാവശ്യമായ നാല് പ്രധാന ഘടകങ്ങളാണ് ഉത്തേജനം നൽകൽ, പിന്തുണ നൽകൽ, പരിപോഷിപ്പിക്കൽ, സാമ്പത്തിക സഹായം നൽകൽ എന്നിവ. ഇപ്പറഞ്ഞ നാല് പ്രധാന ഘടകങ്ങളുമായി ബന്ധപ്പെട്ട് വിവിധങ്ങളായ സേവനങ്ങളാണ് കെഎസ്.ഐ.ഡി.സി നൽകിവരുന്നത്. ആകർഷകമായ വായ്പകൾ, വ്യവസായ പാർക്കുകളിലൂടെയുള്ള അടിസ്ഥാന സൗകര്യവികസനം, ഇൻക്യൂബേഷൻ സൗകര്യം, വ്യവസായ അനുമതികൾ ലഭ്യമാക്കൽ, മാർഗ്ഗദർശനം നൽകൽ, മാർക്കറ്റിംഗ് സഹായം എന്നിവ ഇത്തരത്തിലുള്ള സഹായങ്ങളിൽ ചിലതാണ്. നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാരിന്റെ പദ്ധതികൾക്കനുസരിച്ച് കെ.എസ്.ഐ.ഡി.സി. ആകർഷകമായ വായ്പകൾ നൽകിവരുന്നുണ്ട്. വായ്പാപരിധി 35 കോടി രൂപയിൽനിന്നും 100 കോടി രൂപ ആക്കുന്നതിന് കെ.എസ്.ഐ.ഡി.സി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വ്യവസായ സംരംഭത്തിന് ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി K-SWIFT എന്ന ഓൺലൈൻ ഏകജാലക |

സംവിധാനം KSIDC നടപ്പിലാക്കിയിട്ടുണ്ട്. K-SWIFT-ലൂടെയാണ് വ്യവസായ സംരംഭങ്ങളുടെ അനുമതിയപേക്ഷകൾ സ്വീകരിക്കുന്നതും സംസ്ഥാന നിയമങ്ങളുടെ കീഴിലുള്ള അനുമതികൾ ലഭ്യമാക്കുന്നതും. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. 21 വകുപ്പുകളുടെയും ഏജൻസികളുടെയും 79 അനുമതികളും പെർമിറ്റുകളും ഇപ്പോൾ K-SWIFT വഴി നൽകിവരുന്നു. ഈ സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി നിലവിലുള്ള വകുപ്പുകളുടെ കൂടുതൽ സേവനങ്ങളും, കൂടുതൽ വകുപ്പുകളും K-SWIFT-ൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. എടുത്തുവരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ (EODB) സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാണ് കെ.എസ്.ഐ.ഡി.സി. EODB-യുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (DPIIT) സംസ്ഥാനങ്ങൾക്കു നിർദേശിച്ചിട്ടുള്ള സ്റ്റേറ്റ് / ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാനുകൾ, റെഗുലേറ്ററി കംപ്ലെയെന്സ് ലഘൂകരിക്കൽ നടപടികൾ മുതലായവ മറ്റു വകുപ്പുകളുമായി ഏകോപനം നടത്തി DPIIT-ക്കു അയച്ചു കൊടുക്കുന്ന ചുമതലയും കെ.എസ്.ഐ.ഡി.സി നിർവഹിക്കുന്നു. ചുറ്റുമുള്ള മാറ്റങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നയങ്ങളിലും, പദ്ധതികളിലും മാറ്റം വരുത്തി സംരംഭകന് ഏറ്റവും നല്ല സേവനം നൽകുക എന്ന കെ.എസ്.ഐ.ഡി.സി. മുൻകാലങ്ങളിൽ തുടർന്ന് വന്നിരുന്ന സമീപനം ഇനിയും തുടരുന്നതായിരിക്കും. ഇടത്തരം, വൻകിട പദ്ധതികൾക്ക് മാത്രം വായ്പ അനുവദിച്ചിരുന്ന കെ.എസ്.ഐ.ഡി.സി., സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഭാഗമായി അത്തരം സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി നയമാറ്റം വരുത്തി സീഡ് ഫണ്ട്/ സ്റ്റാർട്ടപ്പ് ഫണ്ട് നല്കിത്തുടങ്ങിയത് ഒരുദാഹരണമാണ്. വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വി-മിഷൻ സ്കീം മുഖേന വനിതാ സംരംഭകർക്ക് വായ്പ്പ ലഭ്യമാക്കുന്നതും മറ്റൊരുദാഹരണമാണ്. സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ച് മികച്ച സേവനം നല്കാൻ കെ.എസ്.ഐ.ഡി.സി.

| | | | | |
|---|---|---|---|---|
| | | | | എക്കാലവും പ്രതിജ്ഞാബദ്ധമാണ്. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്ക മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെഎസ്ഐഡിസി നൽകി പോരുന്നുണ്ട്. മാത്രമല്ല, കോവിഡ് മഹാമാരിയാൽ ബാധിക്കപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും, കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൌകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. മാത്രമല്ല, പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് (MSME) കേരള ഗവണ്മെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 40 ലക്ഷം രൂപ വരെ സഹായധനം നല്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള വ്യവസായ പാർക്കുകളും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളും എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്. ഐ.ഡി.സി യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോട് കൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിങ്/ ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി പാലക്കാട് ജില്ലയിൽ ഇൻവെസ്റ്റ്മെൻറ് സോൺ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം) സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ്പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രീസ് കൊറീഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകികൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. |
| (സി) | വ്യവസായ പുരോഗതിയോടൊപ്പം റബ്ബർ കർഷകർക്കും ഏറെ പ്രയോജനപ്രദമായേക്കാവുന്ന റബ്ബറിൽ നിന്ന് മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കാൻ സിയാൽ മോഡൽ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ; | (സി) | മൂല്യ വർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്"എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി, സർക്കാർ നിർദേശ പ്രകാരം, കിറ്റ്കോയെ കൺസൾട്ടന്റായി കെ എസ് ഐ ഡി സി ഏർപ്പെടുത്തുകയും, പദ്ധതിയുടെ കരട് ഡിപിആർ കിറ്റ്കോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തരത്തിലുള്ള റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം സുഗമമാക്കുവാനുള്ള അടിസ്ഥാന സൗകര്യം, സ്ഥലം, മൂലധനം എന്നിവ കേരള റബ്ബർ ലിമിറ്റഡിലൂടെ ലക്ഷ്യമിടുന്നു. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻആർ) |

| | | | |
|---|---|---|---|
| | | | ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉല്പാദിപ്പിക്കപ്പെടേണ്ട ഉത്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു, തുടർന്ന് സംസ്ഥാന സർക്കാരിനു ലഭിച്ച HNL ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാൽ ഉടൻ തന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാനുമാണ് കേരള റബ്ബർ ലിമിറ്റഡ് ഉദ്ദേശിക്കുന്നത് |
| (ഡി) | ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നതിലുള്ള തടസ്സം ഒഴിവാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ചേർത്തലയിലെ മെഗാ ഫുഡ് പാർക്ക് വികസിപ്പിക്കുന്നതിനുള്ള മുഖ്യ തടസ്സമായിരുന്ന സീവേജ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ